# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 03.07.2021 മുതൽ 07.07.2021 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 53/2021 | തീയ്യതി: 02/07/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 9.5 | 31.2 – 33.2 | 24.0 – 26.5 | 70- 87 | 00 - 10 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 03-07-2021 | 04-07-2021 | 05-07-2021 | 06-07-2021 | 07-07-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 9 | 8 | 4 | 7 | 6 |
| കൂടിയ താപനില, °C | 32 | 33 | 33 | 33 | 32 |
| കുറഞ്ഞ താപനില, °C | 25 | 26 | 26 | 26 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 12 | 16 | 12 | 14 | 12 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 270 | 320 | 320 | 320 |
| മേഘ വിന്യാസം, ഒക്ടാ | 7 | 7 | 7 | 7 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | | |
|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴയുണ്ടാകും.<br><br>ഇടവിട്ടുള്ള വെയിലും മഴയും മേൽ മണ്ണിൽ നിന്നും നൈട്രജൻ പോലുള്ള മൂലകങ്ങളുടെ നഷ്ടത്തിന് കാരണമാകും. കരയിലെ, ആഴത്തിൽ വേരുകൾ ഇറങ്ങാത്ത നെല്ല് പോലുള്ള വിളകളിൽ മൂലകങ്ങളുടെ അഭാവം വളരെ പ്രകടമായിരിക്കും. മണ്ണിൽ ബോറോണിന്റെ ന്യൂനതയും ഉണ്ടായേക്കാം. അതോടൊപ്പം തെങ്ങിൽ മണ്ഡരിയുടെ ആക്രമണം കൂടാനും സാധ്യതയുണ്ട്. | |
| നെല്ല് | പറിച്ചു നടീൽ (കാലവർഷം ലഭ്യമായതിനു ശേഷം മാത്രം നഴ്സറി തയ്യാറാക്കിയ ഇടങ്ങൾ) | വരമ്പുകളിലെ ദ്വാരങ്ങളെല്ലാം ചെളി ഉപയോഗിച്ച് അടക്കുക. ജല നിർഗമന ചാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുക. നടുന്നതിനു മുന്നേ പാടം നന്നായി ഉഴുതു മറിച്ച് ചളിപരുവമാക്കി പലകയുപയോഗിച്ചു നിരപ്പാക്കുക<br><br>നടുന്നതിന് മുൻപ് സ്യൂഡോമോണസ് ലായനിയിൽ ഞാറിന്റെവേരുകൾ 20 മിനിട്ടു നേരം മുക്കി വെയ്ക്കുന്നത് പൂപ്പൽ രോഗബാധ തടയുന്നതിനും നന്നായി വേരുകൾ വളരുന്നതിനും സഹായകമാകും.<br><br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം അടിവളമായി ചേർത്ത് കൊടുക്കണം. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ പാടുള്ളൂ. |

आजादी का अमृत महोत्सव

| | | | |
|---|---|---|---|
| കര നെല്ല് | ചെനപ്പു പൊട്ടുന്ന സമയം | മൂലകങ്ങളുടെ അഭാവം  | ഏക്കറിന് 9 കിലോഗ്രാം വീതം യൂറിയ മേൽ വളമായി നൽകുക. അതോടോപ്പം സോല്യൂബോർ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിൽ തളിക്കുക |
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഓല ചുരുട്ടി പുഴു  | ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലൂബാൻ ഡൈ അമൈഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്  | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്, 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം (അയർ), എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.<br><br>രോഗം നിലനിൽക്കുന്ന പ്രദേശങ്ങളാണെങ്കിൽ മുൻകരുതലായി എല്ലാ തെങ്ങിനും 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്, 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം (അയർ), എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |
| | കായ്ക്കുന്ന ഘട്ടം | ബോറോണിന്റെ അഭാവം  | 100 ഗ്രാം വീതം ബോറാക്സ് തടത്തിൽ മണ്ണുമായി ചേർത്തിളക്കുക . സപ്തംബർ-ഒക്ടോബർ മാസങ്ങളിൽ രണ്ടാം തവണ വളം ചേർ ക്കുമ്പോൾ വീണ്ടും ബോറാക്സ് ഇതേ അളവിൽ നൽകുക. |

आजादी का अमृत महोत्सव

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | പൊള്ളു വണ്ട്  | ക്വിനാൽഫോസ് 25 EC രണ്ടു മില്ലി ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിൽ തളിക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി